# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1298

30.01.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രം, അടിസ്ഥാന സൗകര്യ വികസനം, ജൈവ വൈവിധ്യപാർക്ക് തുടങ്ങിയവയ്ക്കായി ഒന്നാംഘട്ടത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകുമോ; | (എ) വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ പ്രവൃത്തികൾക്ക് കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 229 സ്കൂളുകളിൽ 163 |

സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം 70 സ്കൂളുകൾക്ക് കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(സി) ഏറനാട് നിയോജക മണ്ഡലത്തിലെ കുഴിമണ്ണ ഗവ.ഹയർ സെക്കന്ററി സ്കൂളിനെ അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും അരീക്കോട് ഗവ.ഹയർ സെക്കന്ററി സ്കൂൾ, കവനൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ, കീഴ്പറമ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, എടവണ്ണ എസ്.എച്ച്.എം.വി. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ